**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1087** **06-02-2023 - ൽ മറുപടിയ്ക്ക്**

**ജലജീവൻ മിഷൻ കുടിവെള്ള പദ്ധതി.**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . ടി. വി. ഇബ്രാഹിം | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് ജലജീവൻ മിഷൻ മുഖേന കുടിവെള്ള വിതരണം നടത്തുന്ന പദ്ധതിക്ക് ആകെ എത്ര രൂപയാണ് ചെലവ് ചെയ്യാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ; | (എ) | സംസ്ഥാനത്ത് ജലജീവൻ മിഷൻ പദ്ധതിയിലൂടെ ഗ്രാമീണ മേഖലയിൽ കുടിവെള്ള കണക്ഷനുകൾ നൽകുന്നതിനായി 40,203.61 കോടി രൂപയുടെ പദ്ധതികൾക്കാണ് അനുമതി നൽകിയിട്ടുള്ളത്. |
| (ബി) | ഇതിൽ കേന്ദ്രവിഹിതം, സംസ്ഥാനവിഹിതം എന്നിവ എത്ര ശതമാനം വീതമാണെന്ന് വ്യക്തമാക്കുമോ; | (ബി) | സംസ്ഥാനത്ത് ജലജീവൻ പദ്ധതിയുടെ 50% കേന്ദ്ര വിഹിതം, 25% സംസ്ഥാനവിഹിതം, 15% തദ്ദേശ്ശ സ്വയംഭരണ സ്ഥാപനങ്ങളുടെ വിഹിതം 10% ഗുണഭോക്തൃ വിഹിതം എന്ന നിരക്കിലാണ് നിശ്ചയിച്ചിട്ടുള്ളത്. |
| (സി) | തദ്ദേശസ്ഥാപനങ്ങൾ, ഗുണഭോക്തൃവിഹിതം എന്നിവ ഇതിലുണ്ടോ; എങ്കിൽ എത്ര രൂപ വീതമാണ് എന്നുള്ളത് വ്യക്തമാക്കുമോ; പ്രസ്തുത വിഹിതം സംസ്ഥാന സർക്കാർ നൽകുന്നതിന് തീരുമാനമെടുത്തിട്ടുണ്ടോ; ഇല്ലെങ്കിൽ അപ്രകാരം തീരുമാനമെടുക്കുമോ; | (സി) | പദ്ധതി ചെലവിന്റെ 15% തദ്ദേശ്ശ സ്വയംഭരണ സ്ഥാപനങ്ങളുടെ വിഹിതവും 10% ഗുണഭോക്തൃ വിഹിതവുമായാണ് നിശ്ചയിച്ചിട്ടുള്ളത്. |
| (ഡി) | ഈ പദ്ധതിയിൽ സംസ്ഥാനത്ത് എത്ര കണക്ഷൻ നൽകാനാണ് ഉദ്ദേശിക്കുന്നതെന്നും അതിൽ എത്ര കണക്ഷൻ ഇത് വരെ നൽകി എന്നും വ്യക്തമാക്കുമോ; | (ഡി) | സംസ്ഥാനത്ത് ജലജീവൻ മിഷൻ പദ്ധതിയിലൂടെ ഗ്രാമീണ മേഖലയിൽ 5334736 ഗാർഹിക കുടിവെള്ള കണക്ഷനുകൾ നൽകുവാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്. അതിൽ 31.01.2023 വരെ 15,15,840കണക്ഷൻ നൽകിയിട്ടുണ്ട്. |
| (ഇ) | കണക്ഷൻ നൽകുന്നതിന് ട്രഞ്ച് എടുത്ത തദ്ദേശസ്ഥാപനങ്ങളുടെ അധീനതയിലുള്ള റോഡുകൾ നന്നാക്കുന്നതിന് പണം നീക്കിവെച്ചിട്ടുണ്ടോ; എങ്കിൽ ട്രഞ്ച് എടുത്ത എല്ലാ ഗ്രാമീണ റോഡുകളും പുന:സ്ഥാപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ; | (ഇ) | ജല ജീവൻ മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി പൈപ്പ് ലൈൻ സ്ഥാപിച്ച ശേഷം റോഡുകൾ താൽകാലികമായി പുനസ്ഥാപിക്കുന്നതിനുള്ള തുക മാത്രമേ ഒന്നും രണ്ടും മൂന്നും ഘട്ടങ്ങളിൽ കേന്ദ്രസർക്കാർ (എസ്.എൽ.എസ്.എസ്.സി) അംഗീകരിച്ച് ഭരണാനുമതി നൽകിയ പദ്ധതികളിൽ അനുവദിച്ചിരുന്നുള്ളൂ. പൈപ്പ് ലൈൻ സ്ഥാപിച്ച ശേഷം റോഡുകൾ താൽകാലികമായി പുനസ്ഥാപിക്കുന്നുണ്ട്. പൂർണ്ണമായി പുനസ്ഥാപിക്കേണ്ടത് പഞ്ചായത്തുകളുടെ ഉത്തരവാദിത്വത്തിലാണ്. |

| | | | |
|---|---|---|---|
| | | | പതിനഞ്ചാം ധനകാര്യ കമ്മീഷന്റെ അൺ റ്റൈഡ് ഗ്രാന്റും ഇതിനായി പഞ്ചായത്തുകൾക്ക് ഉപയോഗിക്കുവാൻ അനുമതിയുണ്ട്. നാലും അഞ്ചും ഘട്ടങ്ങളിൽ കേന്ദ്ര സർക്കാരിന് സമർപ്പിച്ച് അനുമതി നേടി ഭരണാനുമതി നൽകിയ പദ്ധതികളിൽ റോഡുകളുടെ പുനഃസ്ഥാപനത്തിനുള്ള തുക കൂടി എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തി അനുമതി നൽകിയിട്ടുണ്ട്. |
| (എഫ്) | പ്രസ്തുത പദ്ധതി എന്നത്തേക്ക് പൂർത്തീകരിക്കുവാൻ സാധിക്കും എന്ന് വ്യക്തമാക്കുമോ? | (എഫ്) | ജല ജീവൻ മിഷൻ പദ്ധതി 2024 മാർച്ച് മാസത്തോടെ പൂർത്തീകരിക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ